**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - 2019-20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ ഗ്രീൻ ബുക്ക് ഡോക്യുമെന്റിൽ ഉൾപ്പെട്ട 2.2.4 ൽ അനുമതി നൽകിയ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവൽക്കരണം കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്ന പദ്ധതിയ്ക്ക് 150 ലക്ഷം രൂപ 2515-00-001-89 എന്ന ശീർഷകത്തിൽ വകയിരുത്തി ഭരണാനുമതി നൽകി - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ. (സാധാ) നം2122/2019/തസ്വഭവ. തീയതി, തിരുവനന്തപുരം,28/09/2019**

---

പരാമർശം :- പഞ്ചായത്ത് ഡയറക്ടറുടെ 04.06.2019 ലെ PAN/21785/2018 -J5(DP) നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

2019 - 20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ ഗ്രീൻബുക്ക് ഡെക്യുമെന്റിൽ ഉൾപ്പെട്ട , 2.2.4 ൽ അനുമതി നൽകിയ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവൽക്കരണം കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്ന പദ്ധതിയ്ക്ക് 150 ലക്ഷം രൂപ 2515-00-001-89 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്.

| SL. No | Components |
|---|---|
| 1 | Purchase of computers & accessories and implementation of e-office |
| 2 | Digitization of Service Records of Employees |
| 3 | Improving the infrastructure facilities and purchase of furniture |
| 4 | Replacement of vehicles/hiring of vehicles |
| 5 | Capacity building and expenses for conducting workshops & review meetings. |

2. പഞ്ചായത്ത് ഡയറക്ടറേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ ബയോമെട്രിക്ക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്ന പ്രവർത്തനം കൂടി ഉൾപ്പെടുത്തി പ്രസ്തുത പ്രൊപ്പോസിലെ ഇനം.1-ൽ മാറ്റം വരുത്തിയും ഘടകം നം.2 (Digitization of Service Records of Employees) ഒഴിവാക്കിയും പ്രസ്തുത തുക വിനിയോഗിച്ച് 2019 - 2020 വർഷം മേൽ പദ്ധതി

നടപ്പിലാക്കുന്നതിന് ഭരണാനുമതി ആവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ ചുവടെ കുറിക്കുന്ന 4 ഘടങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു.

1. കമ്പ്യൂട്ടറുകളും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനും ഇ-ഓഫീസ് നടപ്പാക്കുന്നതിനും -Rs.88,22,911/-

2. പഞ്ചായത്ത് ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫർണ്ണിച്ചർ വാങ്ങുന്നതിനും -11,77,089/-

3. പഴയതും കേടായതുമായ വാഹനങ്ങൾക്ക് പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനും-Rs.40 Lakhs

4. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അവലോകന യോഗങ്ങൾ വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കാര്യശേഷി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും.-10 Lakhs

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 - 20 വർഷത്തെ സംസ്ഥാന ബഡ്ജറ്റിലെ ഗ്രീൻബുക്ക് ഡോക്യുമെന്റിൽ 2.2.4 ആയി അംഗീകാരം നൽകിയ പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവൽക്കരണം കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്ന പദ്ധതി, 2019-20 സാമ്പത്തിക വർഷത്തെ 2515-00-001-89 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 150 ലക്ഷം രൂപ ചെലവു ചെയ്ത് "കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകണങ്ങളും വാങ്ങൽ . ഇ - ഓഫീസ് നടപ്പാക്കൽ " എന്ന ഘടകത്തിൽ "ബയോമെട്രിക് പഞ്ചിംഗ് സംവിധാനം എന്ന ഉപഘടകം കൂടി ഉൾപ്പെടുത്തിയും " ഉദ്യോഗസ്ഥരുടെ സർവ്വീസ് റെക്കോർഡുകൾ ഡിജിറ്റലൈസ് ചെയ്യുക " എന്ന ഘടകം ഒഴിവാക്കിയും ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടറേറ്റിൽ ആധുനികവൽക്കരണം കാര്യശേഷി വികസന പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിലെ പദ്ധതികളായ

**1. <u>കംമ്പ്യൂട്ടറുകളും മറ്റ് ഇലക്ട്രിക്കൽ ഉപകരണങ്ങളും വാങ്ങുന്നതിനും ഇ-ഓഫീസ് നടപ്പാക്കുന്നതിനും- 88,22,911 രൂപ</u>**

പഞ്ചായത്ത് ഡയക്ടറേറ്റും 9 ജില്ലാ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ, പ്രിൻറ്ററുകൾ, സ്കാനറുകൾ തുടങ്ങിയ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനും, പഞ്ചായത്ത് ഡയക്ടറേറ്റ് ജില്ലാ ഓഫീസുകൾ എന്നിവിടങ്ങളിൽ പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl. No | Item | Unit | Amount per Unit | Total Amount |
|---|---|---|---|---|
| 1. | Bio-metric Attendance Monitoring System (including installation and maintenance charges) | 20 | | 24,00,000 |
| 2. | Desktop Computers | 50 | 32,090 | 16,04,500 |
| 3 | Desktop Computers (High end) | 5 | 43,303 | 2,16,515 |

| | | | | |
|---|---|---|---|---|
| 4. | Laptop | 12 | 38,902 | 4,66,824 |
| 5. | Printer | 35 | 10,872 | 3,80,520 |
| 6. | Scanner | 35 | 20,939 | 7,32,865 |
| 7 | Photocopier (High End) | 1 | 4,00,000 | 4,00,000 |
| 8 | Book Scanner | 1 | 50,000 | 50,000 |
| 9 | Water purifier & Dispenser (big) | 1 | 1,00,000 | 1,00,000 |
| 10 | Water purifier & Dispenser (small) | 15 | 31,000 | 4,65,000 |
| 11 | UPS(5KVA) | 1 | 1,17,622 | 1,17,622 |
| 12 | High speed scanner (A3 Sheet fed) | 15 | 1,10,271 | 16,54,065 |
| 13 | Fee for handhold support engineer for e-office | 1 | 2,00,000 | 2,00,000 |
| 14 | Sanitary Napkin incinerator | 1 | 35,000 | 35,000 |
| | **TOTAL** | **193** | | **88,22,911** |

**2. പഞ്ചായത്ത് ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഫർണ്ണിച്ചർ വാങ്ങുന്നതിനും 11,77,089 രൂപ**

| | |
|---|---|
| ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനും നെറ്റ് വർക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും | 7,77,089 |
| 2 ജില്ലാ ഓഫീസുകളിൽ EPBAX _ Intercom സംവിധാനം ഏർപ്പെടുത്തുന്നതിന് | 4,00,000 |
| **ആകെ** | **11,77,089** |

**3. പഴയതും കേടായതുമായ വാഹനങ്ങൾക്കു പകരം പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും വാഹനങ്ങൾ വാടകയ്ക്ക് ഉപയോഗിക്കുന്നതിനും 40 ലക്ഷം രൂപ**

| | |
|---|---|
| 2 ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനും പഞ്ചായത്ത് ഡയറക്ടറേറ്റിലെ പി.എഫ് സെക്ഷനിലേയ്ക്ക് ഒരു ഇരുചക്രവാഹനം വാങ്ങുന്നതിനും | 20 ലക്ഷം രൂപ |
| വാഹനം വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതിന് | 20 ലക്ഷം രൂപ |
| **ആകെ** | **40 ലക്ഷം രൂപ** |

**4. ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി അവലോകന യോഗങ്ങൾ, വർഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും കാര്യശേഷി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് 10 ലക്ഷം രൂപ**

| | |
|---|---|
| അവലോകന മീറ്റിങ്ങുകൾ നടത്തുന്നതിനുള്ള ഹാൾ വാടക, സ്റ്റേഷനറി, പ്രിന്റിംഗ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി | 7 ലക്ഷം രൂപ |
| പരിശീലന, കാര്യശേഷി വികസന പ്രവർത്തനങ്ങൾക്കായി | 3 ലക്ഷം രൂപ |
| **ആകെ** | **10 ലക്ഷം രൂപ** |

പഞ്ചായത്ത് ഡയറക്ടർ നടപ്പ് സാമ്പത്തിക വർഷത്തെ 2515-00-001-89 എന്ന ശീർഷകത്തിൽ നിന്നും തുക യഥാസമയം പിൻവലിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ഷീബ. ബി**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം.
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (ഡി.ബി) വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ധനകാര്യ വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം
Denny M
സെക്ഷൻ ഓഫീസർ